LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് നഗര വികസന പദ്ധതി

237 (834) ശ്രീ. പി. എം. എ. സലാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗര റോഡ് വികസന പദ്ധതിയിൽ ഏതൊക്കെ റോഡുകളുടെ വികസനമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത് അവയിൽ ഓരോന്നിന്റേയും ഇപ്പോഴത്തെ പുരോഗതി അറിയിക്കുമോ ;

(ബി) ഈ പദ്ധതിക്കായി എത്ര രൂപ വകയിരുത്തിയിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) രണ്ടു വർഷത്തിലധികകാലത്തെ ഈ പദ്ധതി പ്രവർത്തനത്തിന് എത്ര രൂപ ഏതൊക്കെ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ പദ്ധതി പ്രവർത്തനത്തിലെ അക്ഷന്തവ്യമായ കാലതാമസം പരിഹരിക്കാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് നഗരവികസന പദ്ധതിയിൽ താഴെപ്പറയുന്ന റോഡുകളുടെ വികസനമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത് :

1. സ്റ്റേഡിയം-പുതിയറ റോഡ് : ലാന്റ് അക്വസിഷൻ പൂർത്തിയായി. റോഡ് നിർമ്മാണത്തിനുള്ള ഭരണാനുമതി സർക്കാരിന്റെ പരിഗണനയിലാണ്.

2. കാരപ്പറമ്പ്-കല്ലുത്താൻകടവ്: ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം 26-11-2010-ന് പ്രസിദ്ധീകരിച്ചു. സർവ്വേ ജോലികൾ നടന്നുവരുന്നു.

3. മാനാഞ്ചിറ-വെള്ളിമാടുകുന്ന്: സർവ്വേ ജോലികൾ നടന്നുവരുന്നു

4. വെള്ളിമാട്കുന്ന്-കോവൂർ : സർവ്വേ നടപടികളും വില നിർണ്ണയവും പൂർത്തിയായി.

5. ഗാന്ധി റോഡ്-മിനി ബൈപ്പാസ്സ് & കൂനിയിൽകടവ്-മാവൂർ റോഡ് ജംഗ്ഷൻ ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം 12-11-2010-ന് പ്രസിദ്ധീകരിച്ചു. സർവ്വേ ജോലികൾ നടന്നുവരുന്നു.

6. പനാത്ത് താഴം- CWRDM : ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

7. ഫ്രാൻസിസ് റോഡ് മാങ്കാവ് ജംഗ്ഷൻ: റോഡ് നിർമ്മാണ പ്രവർത്ത

നങ്ങൾക്കായി തയ്യാറാക്കിയ അലൈൻമെന്റിലും, ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ചും ചില ആക്ഷേപങ്ങളുള്ളതിനാൽ ആയത് പരിശോധിച്ചുവരുന്നു.

(ബി) മേൽപറഞ്ഞിട്ടുള്ള പ്രവൃത്തികൾക്കായി 113.42 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഭൂമി ഏറ്റെടുക്കുന്നതിനായി 20 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) ഈ പദ്ധതി പ്രവർത്തനത്തിന് ഇതുവരെയായി ലാന്റ് അക്വസിഷൻ അടക്കം 11,61,60,181 രൂപ താഴെപ്പറയുന്ന ഇനങ്ങളിൽ ചെലവായിട്ടുണ്ട്.

ലാന്റ് അക്വസിഷൻ ചെലവ്	11,04,74,642
ആഫീസ് ചെലവുകൾ	56,85,539
ആകെ	11,61,60,181

(ഡി) കാലതാമസം ഒഴിവാക്കി സമയബന്ധിതമായി പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കോഴിക്കോട് ഒന്നാം മണ്ഡലത്തിൽ പൊതുമരാമത്ത് ഏറ്റെടുത്ത് നടത്തിയ പദ്ധതികൾ

238 (835) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ഒന്നാം നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തിയ പദ്ധതികളുടെ പേരും അടങ്കൽ തുകയും പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥയും വിശദമാക്കുമോ ?

ഉത്തരം

പൊതുമരാമത്ത് വകുപ്പ് റോഡുകളും പാലങ്ങളും വിഭാഗം, ദേശീയപാതാ വിഭാഗം, കേരളാ റോഡ് ഫണ്ട് ബോർഡ്, കെട്ടിട വിഭാഗം എന്നിവയിലൂടെ കോഴിക്കോട് ഒന്നാം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെ പേരും അടങ്കൽ തുകയും യഥാക്രമം അനുബന്ധം-1, അനുബന്ധം-2, അനുബന്ധം-3, അനുബന്ധം-4 എന്നിവയിലായി ചേർത്തിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly